മെട്രോ വാർത്ത
Sep 24, 2016

# ദേശീയ പുരസ്കാരം കർഷകന്

കൊച്ചി: കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി എം എഫ് ആർ ഐ) വികസിപ്പിച്ച കൂടുമത്സ്യകൃഷി സമ്പ്രദായത്തിന് ദേശീയ അംഗീകാരം. സി എം എഫ് ആർ ഐ യുടെ ഗുജറാത്തിലെ വെരാവൽ റീജണൽ സെന്ററിന് കീഴിൽ നടന്ന കടൽ കൂടുകൃഷി സംരംഭത്തിൽ മികച്ച നേട്ടം കൈവരിച്ചതിന് സീദി ഗോത്രവിഭാഗത്തിൽ നിന്നുള്ള ഹസൻഭായി മുസംഗര ജുമാഭായിക്ക് വൈവിധ്യമായ കൃഷിരീതികളുള്ള രാജ്യത്തെ ഏറ്റവും വലിയ അംഗീകാരമായ പണ്ഡിറ്റ് ദീൻദയാൽ ഉപാധ്യായ കൃഷി പുരസ്കാരം ലഭിച്ചത്.

കാർഷിക മേഖലയിൽ നൂതനമായ കൃഷി രീതികൾ പരീക്ഷിച്ച് മികവ് തെളിയിക്കുന്നവർക്ക് കേന്ദ്ര കാർഷിക മന്ത്രാലയത്തിന് കീഴിലുള്ള ഐ സി എ ആർ എല്ലാ വർഷവും നൽകിവരുന്ന പുരസ്കാരമാണിത്. 50,000 രൂപയും പ്രശസ്തി പത്രവുമടങ്ങുന്നതാണ് പുരസ്കാരം. ഗുജറാത്തിലെ കടലോര മേഖലയായ വെരാവലിൽ ഗോത്രവിഭാഗങ്ങൾക്കിടയിൽ കടൽ കൂടുകൃഷി വിജയകരമാക്കിയതിനുള്ള അംഗീകാരം കൂട്ടിയായി പുരസ്കാരം.

2011 ൽ സി എം എഫ് ആർ ഐ വികസിപ്പിച്ച് നൽകിയ കൂടുമത്സ്യകൃഷി മാതൃക ഉപയോഗിച്ച് മത്സ്യോൽപാദന രംഗത്ത് രാജ്യത്ത് തന്നെ മികച്ച നേട്ടം കൈവരിച്ച സഹകരണ ഫിഷറീസ് സംഘടനയായ ഭാരത് അദിം ജുത് മത്സ്യോദ്യോഗ് മണ്ഡലിയുടെ തലവനാണ് ഹസൻഭായ്. സി എം എഫ് ആർ ഐ നൽകിയ ആറ് മീറ്റർ വ്യാസമുള്ള 22 കൂടുകൾ ഉപയോഗിച്ചാണ് ഹസൻഭായിയും സംഘവും മോത, കൊഞ്ച് എന്നീ മത്സ്യങ്ങളുടെ കൂടുകൃഷിയിൽ വൻ വിളവെടുപ്പ് നടത്തിയത്.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സി എം എഫ് ആർ ഐ യുടെ സാങ്കേതിക സഹായത്തോടെ കടലിൽ 800 ഓളം കൂടുകൃഷി സംരംഭങ്ങൾ നടക്കുന്നുണ്ട്.